# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :8092 — 24.07.2012-ൽ മറുപടിയ്ക്ക്

**തീരദേശത്തെ വനവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | തീര പ്രദേശത്തെ കടലാക്രമണം തടയാൻ മരം വച്ചുപിടിപ്പിക്കുന്ന പദ്ധതികൾ വനം വകുപ്പിൽ നിലവിലുണ്ടോ ; | എ) | തീര പ്രദേശത്ത് കടലാക്രമണം തടയുന്നതിന് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേകമായി ഒരു പദ്ധതി ഇപ്പോൾ വനം വകുപ്പിൽ നിലവിലില്ല. എന്നാൽ തീരദേശമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും മരത്തൈകൾ വിതരണം ചെയ്യുന്നതിനും വനം വകുപ്പിന്റെ ഹരിതകേരളം എന്ന പദ്ധതി നിലവിലുണ്ട്. |
| ബി) | ഉണ്ടെങ്കിൽ അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് സാമൂഹിക വനവത്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി മരം വച്ചു പിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | ബി) | 2010-11 വർഷത്തിൽ തോട്ടപ്പള്ളി ഹാർബർ തീരത്തും, കനാൽ തീരത്തും ഹരിത കേരളം പദ്ധതിയിൽ 4.5 ഹെക്ടർ സ്ഥലത്ത് കാറ്റാടി വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അമ്പലപ്പുഴ ബീച്ച് ഭാഗം മുതൽ പുന്നപ്ര സൗത്ത് പഞ്ചായത്തിന്റെ വാർഡ് 1 വരെയുള്ള 19 ഹെക്ടർ സ്ഥലത്ത് 2007-08, 2008-09 വർഷങ്ങളിൽ സുനാമി പുനരധിവാസ പദ്ധതിയിൻകീഴിൽ ഹരിത തീരം പദ്ധതി പ്രകാരം കാറ്റാടി വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| സി) | തീരപ്രദേശത്ത് കടലാക്രമണം തടയാൻ കഴിയും വിധം മരംവച്ചു പിടിപ്പിക്കുന്ന പദ്ധതി അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | സി) | അനുയോജ്യമായ സ്ഥലവും, ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് മരം വച്ചു പിടിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ